**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഉറവിട മാലിന്യ സംസ്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി വകയിരുത്തിയ തുകയും 2025 ജനുവരി 31 വരെ ചെലവാക്കിയ തുകയും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | (എ) | **മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ** പ്രോജെക്ടുകൾ **അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കുന്നത്.**<br><br>**2024-25 വാർഷിക പദ്ധതിയിൽ പൊതു ശുചിത്വം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം എന്നീ സെക്ടറുകളിൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളുടെ അലോക്കേഷൻ തുകയും ചെലവ് തുകയും താഴെ ചേർക്കുന്നു.**<br><br>**അലോക്കേഷൻ - 319606.96 ലക്ഷം രൂപ**<br><br>**ചെലവ് - 39295.87 ലക്ഷം രൂപ** |
| (ബി) | ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്-ന്റെ പ്രവർത്തനം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാപനം മുഖേന നാളിതുവരെ എത്ര ടൺ മാലിന്യം സംസ്കരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **2022 മേയ് മാസം മുതൽ കേരളാ എൻവിറോ ഇൻഫ്രാസ്ട്രെച്ചർ ലിമിറ്റഡ് (KEIL) ഗാർഹീക ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കാൻ തുടങ്ങി. 2016 ലെ ഖരമാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ അനുസരിച്ച് മലിനമായ നാപ്കിനുകൾ, ഡയപ്പറുകൾ, കോണ്ടം, ടാമ്പണുകൾ (Tampon), രക്തം കതിർന്ന പരുത്തി, യൂസ്ഡ് മെഡിസിൻസ്, ഉപയോഗ ശേഷമുള്ള സിറിഞ്ച് എന്നിവയാണ് ഗാർഹിക സാനിറ്ററി - ബയോമെഡിക്കൽ മാലിന്യത്തിന്റെ ഗണത്തിൽ പെടുന്നത്.**<br><br>**കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, മലപ്പുറം, പത്തനംതിട്ട, എന്നീ ജില്ലകളിലെ സർക്കാർ ഹെൽത്ത് കെയർ സ്ഥാപനങ്ങളിൽ നിന്നും പൂർണമായും, സ്വകാര്യമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ഭാഗികമായും, തൃശ്ശൂർ ജില്ലയിലെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന്** |

| | | | |
|---|---|---|---|
| | | | ഭാഗികമായും ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ,പ്രത്യേകം രൂപകൽപന ചെയ്തിട്ടുള്ള അംഗീകൃത വാഹനങ്ങളിൽ , അമ്പലമേടിലെ പ്രതിദിനം 16 ടൺ സംസ്കരണ ശേഷിയുള്ള ബയോമെഡിക്കൽ സംസ്കരണ ശാലയിൽ എത്തിച്ച് സംസ്കരിക്കുന്നു.<br><br>അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ഏജൻസികളാണ് ഗാർഹീക ബയോ മെഡിക്കൽ മാലിന്യങ്ങൾ KEIL ൽ എത്തിക്കുന്നത്. KEIL ന്റെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിൽ 2022 മേയ് മാസം മുതൽ 2025 ജനുവരി 31 വരെ 2383.923 മെട്രിക് ടൺ ഗാർഹീക ബയോ മെഡിക്കൽ മാലിന്യങ്ങൾ KEILൽ സംസ്കരിച്ച നിർമ്മാജ്ജനം ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ